# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2322- 12/06/2018-ലെ മറുപടിയ്ക്ക്

### ധനകാര്യ കമ്മീഷന് മുന്നിൽ സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.സി.ജോസഫ് | | ഡോ.ടി.എം. തോമസ് ഐസക്ക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| ചോദ്യം | | മറുപടി |
| എ | പതിനഞ്ചാം ധനകാര്യ കമ്മീഷന് മുന്നിൽ സംസ്ഥാനം സമർപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | ധനകാര്യ കമ്മീഷന് നല്കിയ നിവേദനത്തിലെ പ്രധാന നിർദ്ദേശങ്ങൾ / ശുപാർശകൾ താഴെ പറയുന്നവയാണ്.<br>• സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നല്കുന്ന കേന്ദ്ര നികുതിയുടെ വിഹിതം നിലവിലെ 42 ശതമാനത്തിൽ നിന്നും 50 ശതമാനം ആയി ഉയർത്തുക.<br>• പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് 8-ൽ 2011-ലെ സെൻസസ് അടിസ്ഥാനമാക്കി വിഭവവിഭജനം നടത്തണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ടേംസ് ഓഫ് റഫറൻസ് 8 നീക്കം ചെയ്യണമെന്നും ജനസംഖ്യക്ക് നൽകുന്ന വെയ്റ്റേജിന് സ്വീകരിക്കേണ്ട ഉചിതമായ മാനദണ്ഡം സംബന്ധിച്ച് തീരുമാനമെടുക്കുവാനുള്ള വിവേചനാധികാരം കമ്മീഷന് ലഭ്യമാക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്കിടയിലുള്ള നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ 1971 കാനേഷുമാരി അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാപരമായ നേട്ടങ്ങൾക്ക് ജനസംഖ്യക്ക് തുല്യമായ വെയ്റ്റേജ് നൽകണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.<br>• സംസ്ഥാനങ്ങൾക്കിടയിൽ നികുതി വിഭജനത്തിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്. |

| മാനദണ്ഡം | വെയിറ്റേജ് |
|---|---|
| ജനസംഖ്യ 2011 സെൻസസ് അടിസ്ഥാനമാക്കി – | 30 % |
| ജനസംഖ്യാപരമായ നേട്ടം (1971-ലെ ജനസംഖ്യ അടിസ്ഥാനമാക്കി)- | 30 % |
| വരുമാന അന്തരം – | 20 % |
| വിസ്തീർണ്ണം- | 10 % |
| വനമേഖല- | 10 % |

പ്രത്യേക മേഖല ഗ്രാന്റുകൾ നൽകുവാൻ ധനകാര്യ കമ്മീഷൻ തീരുമാനിക്കുകയാണെങ്കിൽ ഭരണ ഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം സംസ്ഥാനത്തിന് ചുവടെ പറയുന്ന മേഖലകളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി പരിഗണിക്കേണ്ടതാണ്

- തീരദേശപരിപാലനം – 1500 കോടി
- വന സംരക്ഷണം – 1000 കോടി
- മെച്ചപ്പെട്ട തൊഴിൽ ലഭ്യതക്കാവശ്യമായ നൈപുണ്യ വികസനം – 750 കോടി
- റബർ കർഷകർക്ക് ആശ്വാസം – 250 കോടി
- മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസം – 1500 കോടി
- റവന്യൂ കമ്മി ഗ്രാന്റ് തുടരേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 60% ബേസിക്ക് ഗ്രാന്റും 10% പെർഫോമൻസ് ഗ്രാന്റും , ബാക്കി 30% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഫണ്ട്, ചുമതലകൾ, ഉദ്യോഗസ്ഥർ എന്നിവ അടിസ്ഥാനമാക്കി നൽകേണ്ടതാണ്. 10% പെർഫോമൻസ് ഗ്രാന്റ്, ഓഡിറ്റിംഗ്, അക്കൗണ്ടിംഗിലെ ഇ-ഗവേർണൻസ് നടപടികൾ, പരിസ്ഥിതി സൗഹാർദ്ദ നടപടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

- സംസ്ഥാനത്തിന്റെ കടം എടുക്കുന്നതിനുള്ള

| | | |
|---|---|---|
| | | പരിധി GSDP യുടെ 3 % ആയി നിലനിർത്തുകയും മറ്റ് നിബന്ധനകൾ ഏർപ്പെടുത്താ തിരിക്കുകയും ചെയ്യുക.<br>SDRF-ന്റെ കോർപ്പസ് 3000 കോടി രൂപയായി ഉയർത്തണമെന്നും ആയതിലെ കേന്ദ്ര വിഹിതം 90 ശതമാനമായി ഉയർത്തണമെന്നും പതിനഞ്ചാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പബ്ളിക് കലാമിറ്റി ഇൻഷുറൻസ് സ്കീം , വാർഡ് ലെവൽ കലാമിറ്റി റസ്പോൺസ് ഫണ്ട് , ജൻഡർ സെൻസിറ്റീവ് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ എന്നിവക്ക് ഗ്രാന്റ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.<br>തൊഴിൽ നികുതിയുടെ പരിധി ഉയർത്തു ന്നതിന് ഭരണഘടന ഭേദഗതി ശുപാർശ ചെയ്യുക. |
| ബി | പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ യനുസരിച്ച് രാജ്യത്തിന് ലഭിക്കേണ്ട വരുമാന സ്രോതസ്സിൽ പുതിയ തീരുമാനങ്ങൾ മൂലം എന്തെല്ലാം കുറവുകളാണ് ഉണ്ടാവുകയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ 2015-2020 വരെയാണ് പ്രാബല്യത്തിലുള്ളത്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ 2019 ഒക്ടോബറിൽ മാത്രമേ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുള്ളൂ. അതിന് ശേഷമേ ഇത് സംബന്ധിച്ച വിലയിരുത്തലുകൾ സാധ്യമാകു കയുള്ളൂ. |
| സി | ഇക്കാര്യത്തിൽ ദക്ഷിണേന്ത്യൻ ധനമന്ത്രിമാർ തമ്മിൽ പൊതുവായ എന്തെങ്കിലും ധാരണ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ ? | ഉണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പരിഗണന വിഷയങ്ങളിൽ സംസ്ഥാനങ്ങൾക്ക് ദോഷകരമായ നിർദ്ദേശങ്ങൾ പരിഹരിക്കു ന്നതിനായി ദക്ഷിണേന്ത്യൻ ധനമന്ത്രിമാരുടെ നേതൃത്വത്തിൽ ബഹു.രാഷ്ട്രപതിയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ